(ബി) തൊഴിലെടുക്കുന്ന കുട്ടികളുടെ ജോലിസമയം സംബന്ധിച്ചുള്ള അനുശാസനം എന്തൊക്കെയാണെന്നും ഏത് നിയമമനുസരിച്ചാണെന്നും വ്യക്തമാക്കാമോ ;

(സി) നിയമപ്രകാരമുള്ള പ്രവർത്തനസമയത്തിലധികവും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവരെ കണ്ടെത്താനും നടപടിയെടുക്കാനും എന്തൊക്കെ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകുകയെന്നത് പ്രായോഗികമല്ല. സുപ്രീം കോടതി വിധിയിൽ ഇവർക്കു ജോലി സമയം കഴിഞ്ഞോ, ജോലി സമയത്തിനിടയിലോ രണ്ടു മണിക്കൂർ നിർബന്ധിത അനൗപചാരിക വിദ്യാഭ്യാസം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരമുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) 1986-ലെ ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട്, 1983-ലെ കേരള ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റഗുലേഷൻ) റൂൾസ് ഇവ പ്രകാരമാണ് തൊഴിലെടുക്കുന്ന കുട്ടികളുടെ ജോലിസമയം നിജപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ബാലതൊഴിലാളികളുടെ ഒരു ദിവസം 4½ മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല മൂന്നു മണിക്കൂർ കഴിഞ്ഞാൽ കുറഞ്ഞത് ഒരു മണിക്കൂർ സമയം വിശ്രമം നൽകേണ്ടതും ഒരു സാഹചര്യത്തിലും ജോലി സമയം വിശ്രമസമയമുൾപ്പെടെ ആറു മണിക്കൂറിൽ കൂടുതൽ ആകാൻ പാടില്ലെന്നും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ രാത്രി ഏഴു മണിക്ക് ശേഷവും രാവിലെ എട്ട് മണിക്ക് മുമ്പും പണിയെടുപ്പിക്കുന്നതും ഓവർടൈം പണി ചെയ്യിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ബാലതൊഴിലാളിയെ ഒരു സമയത്ത് ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലിക്ക് നിയോഗിക്കുന്നതും നിയമംമൂലം നിരോധിച്ചിട്ടുണ്ട്. ഇതുകൂടാതെ ആഴ്ചയിൽ ഒരു ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ബാലവേലയ്ക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുവാനും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതിനയംമൂലം ഉണ്ടായ പുരോഗതി

25 (*205) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിദ്യുച്ഛക്തി ഉൽപ്പാദന വിതരണരംഗം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിൽ എന്തെങ്കിലും പുരോഗതി കൈവരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദീകരിക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉൽപ്പാദന രംഗത്ത് പണി നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ദ്രുതഗതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. ജനകീയ കമ്മിറ്റികൾ രൂപീകരിച്ചും തൊഴിൽ തർക്കങ്ങൾ വളരെ വേഗം പരിഹരിച്ചും പണിയുടെ പുരോഗതികൾ വിവിധ ഘട്ടത്തിൽ കൃത്യമായി അവലോകനം ചെയ്തും പല പദ്ധതികളും പൂർത്തീകരിച്ച് ഉൽപ്പാദനം ആരംഭിച്ചു. കൂടാതെ, നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രക്രിയകൾ നടത്തി ഉൽപ്പാദനക്ഷമത കൂട്ടാനുള്ള നടപടികളും സ്വീകരിച്ചു. ഉൽപ്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സ്വകാര്യമേഖലയുടെ സഹകരണം കൂടി തേടുക, ജലവൈദ്യുതി പദ്ധതികളെ മാത്രം ആശ്രയിച്ചു വന്നാൽ നേരിടേണ്ടി വരുന്ന പവർകട്ട് ഒഴുവാക്കുന്നതിലേയ്ക്കായി താപനിലയങ്ങൾ സ്ഥാപിക്കുക, പരമാവധി ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി കൂടുതൽ ജലവൈദ്യുതി പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയും ഉൽപാദനം കാര്യക്ഷമമാക്കുന്നതിലേക്കായി ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വിതരണരംഗം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ 11 കെ.വി.ലൈൻ വലിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, സിംഗിൾ ഫെയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകളാക്കി മാറ്റുക, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക, നിലവിലുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായം വ്യാപിപ്പിക്കുക, എൽ.റ്റി. കപ്പാസിറ്ററുകൾ സ്ഥാപിക്കുക, കൂടുതൽ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക, എൽ. റ്റി. എച്ച്. റ്റി ലൈനുകളുടെ അനുപാതം കുറച്ചുകൊണ്ടു വരിക, കൺട്രോൾ റും ഇല്ലാത്ത ജില്ലാ ആസ്ഥാനങ്ങളിൽ കൺട്രോൾ റും തുറക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. വൈദ്യുതി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3 പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വന്നു. കേടായ മീറ്ററുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ എടുത്തു. ഒരു നിശ്ചിത കാലയളവുവരെയുള്ള ബോർഡിന്റെ കടബാദ്ധ്യതയായിരുന്ന 1,553 കോടി രൂപ ഇക്വിറ്റിയായി മാറ്റി ബോർഡിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുകയും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കടം എടുക്കാനുള്ള ബോർഡിന്റെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	പേപ്പാറ	-	3 മെഗാവാട്ട്
2.	ലോവർ പെരിയാർ	-	180 മെഗാവാട്ട്
3.	പൊരിങ്ങൽ ഇടതുകര	-	16 മെഗാവാട്ട്
4.	കക്കാട്	-	50 മെഗാവാട്ട്
5.	ബ്രഹ്മപുരം	-	106.6 മെഗാവാട്ട്
6.	കോഴിക്കോട്	-	128 മെഗാവാട്ട്
7.	കായംകുളം എൻ. ടി. പി.സി	-	350 മെഗാവാട്ട്
8.	ബി.എസ്.ഇ.എസ്, കൊച്ചി, (ആദ്യയൂണിറ്റ്)	-	40.5 മെഗാവാട്ട്
9.	മാട്ടുപ്പെട്ടി	-	9 മെഗാവാട്ട്

കൂടാതെ കുറ്റ്യാടി എക്സ്റ്റൻഷൻ (50 മെഗാവാട്ട്), മലങ്കര (10.5 മെഗാവാട്ട്), കുത്തുങ്കൽ (21 മെഗാവാട്ട്), ബി.എസ്.ഇ.എസ് (124.5 മെഗാവാട്ട്), അഴുത ഡൈവേർഷൻ, വഴിക്കടവ് ഡൈവേർഷൻ, കുറ്റിയാർ ഡൈവേർഷൻ എന്നിവ 2000-2001 വർഷത്തിൽത്തന്നെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹമായ കേന്ദ്രവിഹിതം തെക്കൻ മേഖലയിൽ നിന്നും ലഭ്യമാക്കുന്നതിനു പുറമേ, കിഴക്കൻ മേഖലയിൽ നിന്നും 60 മെഗാവാട്ട് വൈദ്യുതി കേന്ദ്ര വിഹിത ഇനത്തിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

1996 മാർച്ച് മാസം വൈദ്യുതി നയം പ്രഖ്യാപിച്ചതിനുശേഷം മൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും, ഒരു 66 കെ.വി. സബ്സ്റ്റേഷനും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. 247.387 കി.മീ. 220 കെ.വി.ലൈനും, 189.29 കി.മീ. 110 കെ.വി, ലൈനും 0.6 കി.മീ. 66 കെ.വി. ലൈനും കമ്മീഷൻ ചെയ്തിട്ടുണ്ട്. രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടേയും, പത്ത് 110 കെ. വി. സബ്സ്റ്റേഷനുകളുയെും പതിന്നാല് 66 കെ. വി. സബ്സ്റ്റേഷനുകളുടെയും ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 3/98-ൽ 19.96 ശതമാനം പ്രസരണ നഷ്ടമുണ്ടായിരുന്നത് 3/99-ൽ 17.75ശതമാനം ആയി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വിതരണരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3425.26 കി.മീറ്റർ 11 കെ.വി. ലൈനും 21945.105 കി.മീ. എൽ.റ്റി. ലൈനും വലിക്കുകയും 5282 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 13,34,602 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തം 274 സെക്ഷനുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഘട്ടം ഘട്ടമായി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എല്ലാ സെക്ഷനുകളിലും ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് വർഷം തോറും വൈദ്യുതി അദാലത്ത് നടപ്പിലാക്കി പരാതി പരിഹരിക്കുന്ന സമ്പ്രദായം ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ നിക്ഷേപം

26 (*206) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഇതുവരെയുള്ള നിക്ഷേപം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി മേഖലയിൽ എന്തു തുകയുടെ നിക്ഷേപം നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി രംഗത്ത് ഏതൊക്കെ മേഖലകളിലാണ് കൂടുതൽ നിക്ഷേപം ആവശ്യമായി വരുന്നതെന്ന് സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നടപ്പു സാമ്പത്തികവർഷം വൈദ്യുതി രംഗത്ത് പുതിയ നിക്ഷേപം നടത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) വൈദ്യുതി രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് അനുസൃതമായി വൈദ്യുതി ബോർഡിന്റെ പൊതുജനങ്ങളോടുള്ള പ്രതിബദ്ധത പൊതുതാൽപര്യം എന്നിവ നിലനിറുത്തി പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് മുന്നു ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിൽ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ & ബി) സർക്കാർ ഇലക്ട്രിസിറ്റി ബോർഡിൽ മൂലധന നിക്ഷേപം നടത്താറില്ല. ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി എല്ലാ വർഷവും വായ്പയായി ഒരു തുക സർക്കാർ അനുവദിക്കാറുണ്ട്. സാധാരണയായി ഈ തുക പണമായി നൽകാറില്ല. പകരം, ഈ തുക വർഷാവസാനം ബോർഡ് സർക്കാരിനു നൽകേണ്ട എന്തെങ്കിലും തുകകളിൽ തട്ടിക്കിഴിക്കാറാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly